പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 640 | 28.09.16 ൽ മറുപടിക്ക്

## കനോലി കനാലിലേക്ക് മലിനജലം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ കനോലി കനാലിലേക്ക് മലിനജലം ഒഴുകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | കനോലി കനാലിനു സമീപത്തുള്ള പ്രധാന ആശുപത്രികൾ, വലിയ അപ്പാർട്ടുമെന്റുകൾ എന്നിവയെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അവയിൽ നിന്നും ശുദ്ധീകരണ ശേഷം പുറത്തേക്കു വിടുന്ന പാഴ്ജലത്തിന്റെ പരിശോധനാ ഫലങ്ങൾ അനുവദനീയ പരിധിക്കുള്ളിലാണ് എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പുവരുത്തുന്നുണ്ട്. കനോലി കനാലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളിൽ നിന്നും, സമീപത്തുള്ള മാർക്കറ്റുകളിൽ നിന്നും, കൂടാതെ നഗര പ്രദേശത്തെ ഓടകളിൽ നിന്നും പാഴ്ജലം കനോലി കനാലിലെത്തുന്നത് നിയന്ത്രിക്കേണ്ടതിന്റെ ചുമതല കോഴിക്കോട് കോർപ്പറേഷനാണ്. |
| (ബി) എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ